# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പികെഡി14/565/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 16/04/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പികെഡി14/565/2021

തീയ്യതി: 16/04/2021

## പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-02-2020 മുതൽ 17-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| എൻ. സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-03-2021 | 27-03-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-03-2021 | 27-03-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ഉഷാകുമാരി. വി.ടി, അസി. ഓഡിറ്റ് ഓഫീസർ
കന്തസ്വാമി. ഐ, ഓഡിറ്റർ
ലിക്സി അലക്സ്, ഓഡിറ്റർ
സൗരഥ്. സി, ഓഡിറ്റർ
മോഹനൻ. കെ.എ, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പ്രസന്നകുമാരി.കെ.എ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. കലാറാണി.ആർ.ഐ | സെക്രട്ടറി | 01-04-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീ (വ |
|---|---|---|---|
| ശ്രീമതി. ജ്യോതി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-20 |
| ശ്രീമതി. ദീപ്തി. എസ് | കൃഷി ഓഫീസർ | 01-04-2019 | 31-20 |
| ശ്രീ.രമേഷ് കുമാർ .കെ.ജി | വെറ്ററിനറി സർജൻ | 01-04-2019 | 31-20 |
| ശ്രീ.മുഹസിൻ മുനവർ | അസി.എൻജിനീയർ | 01-04-2019 | 31-20 |

| | | | |
|---|---|---|---|
| ശ്രീമതി. ഹഫ്സ എം.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-20 |
| ഡോ.ജയപ്രസാദ്.ടി.കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-20 |
| ഡോ.സ്വപ്ന.കെ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ.) | 01-04-2019 | 31-20 |
| ഡോ.ഷിജി.പി.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 30-20 |
| ഡോ.സുനന്ദ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-07-2019 | 31-20 |
| ശ്രീമതി. സുമിത്ര. വി.പി | ICDSസൂപ്പർവൈസർ | 01-04-2019 | 31-20 |
| ശ്രീമതി. ഷീല.എ.യു | ഹെഡ്മിസ്ട്രസ്. | 01-04-2019 | 31-20 |
| ശ്രീമതി. പ്രസന്ന.വി | വി.ഇ.ഓ-1 | 29-02-2020 | 31-20 |
| ശ്രീമതി. സിൻസി.കെ.പി | വി.ഇ.ഓ-2 | 01-04-2019 | 31-20 |
| ശ്രീ.മനാസ് രാജ്. ആർ. എസ് | വി.ഇ.ഓ-1 | 01-04-2019 | 28-20 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-നോൺ പ്ലാൻ പ്രപ്പോസലുകൾ സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 2 | ബജറ്റ് | 1-1 |
| 3 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് അവതരിപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | ബജറ്റ് അപാകതകൾ ഇല്ലാതെ തയ്യാറാക്കേണ്ടതാണ്. | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-2-1 |
| 6 | വാർഷിക ധനകാര്യപത്രിക | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം) | 1-5 |
| 10 | ക്ഷേമപദ്ധതികൾ | 1-6 |
| 11 | ക്യാഷ് പരിശോധന | 1-7 |
| 12 | ആഭ്യന്തര നിയന്ത്രണ സംവിധാനം-പോരായ്മകൾപരിഹരിക്കേണ്ടതാണ് | 1-8 |
| 13 | ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ കാര്യക്ഷമത. | 1-9 |
| 14 | ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. | 1-10 |
| 15 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-11 |
| 16 | വസ്തുനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-12 |
| 17 | രശീത്ബുക്ക്, കളക്ഷൻ, ഒടുക്ക് എന്നിവയിലെ അപാകതകൾ | 1-13 |
| 18 | ലൈഫ് ഭവനപദ്ധതി - അവലോകനം | 1-15 |

| | | |
|---|---|---|
| 19 | ട്രേഡ്സ് ലിസ്റ്റിൽ ഉൾപ്പെട്ട വ്യാപാരികളെ ലൈസൻസ് എടുപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടത് സമ്പന്ധിച്ച് | 1-16-1 |
| 20 | രജിസ്റ്ററുകൾ രേഖകൾ എന്നിവ പരിപാലിക്കേണ്ടത് സബന്ധിച്ച് | 1-16 |
| 21 | എസ്.എസ്.എ. വിഹിതം നൽകൽ -പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല | 1-17 |
| 22 | നിക്ഷേപപ്രവൃത്തികൾ - വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 23 | 20I9 -20 വർഷം നടപ്പിലാക്കാത്ത പദ്ധതികൾ- പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്. | 1-19 |
| 24 | കർഷകർക്ക് ടിഷ്യുകൾച്ചർ വാഴ വിതരണം പദ്ധതി - മാർഗ്ഗരേഖ പാലിച്ചിട്ടില്ല | 1-20 |
| 25 | എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി- സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല. | 1-21 |
| 26 | എ.ബി.സി പ്രോഗ്രാം - ലക്ഷ്യ പ്രാപ്തി വിവരങ്ങൾ ലഭ്യമായില്ല. | 1-22 |
| 27 | ദുരന്ത നിവാരണ പദ്ധതി ആസൂത്രണം ചെയതിട്ടില്ല. | 1-23 |
| 28 | അങ്കണവാടി കെട്ടിടങ്ങൾക്ക് ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. | 1-24 |
| 29 | പ്രൊക്യുർമെന്റെ കമ്മറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. | 1-25 |
| 30 | ടെന്റർ ചെയ്ത പദ്ധതികളുടെ പൂർത്തീകരണംഉറപ്പാക്കിയില്ല. | 1-26 |
| 31 | വനിതാ ഹോസ്റ്റൽ കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-27 |
| 32 | എസ്. സി.വനിതകൾക്ക് കറവ പശു വാങ്ങിയതിൽ കരാർ ചമക്കുന്നത് സംബന്ധിച്ച് | 1-28 |
| 33 | ഗ്രാമ സഭ | 1-29 |

| | | |
|---|---|---|
| 34 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല -138680/- രൂപ തടസ്സത്തിൽ വയ്ക്കുന്നു | 1-30 |
| **ഭാഗം 2** | | |
| 1 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ചിരിക്കുന്നതിനാൽ 7372.72 രൂപ നഷ്ടം | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | ജോയിന്റ് വെഞ്ചർ പ്രോജക്റ്റുകൾക്കുള്ള ഫണ്ട് | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം-വിവിധ പത്രികകൾ | |

# ഭാഗം –1

# പൊതു അവലോകനം

## 1-1-1 ബജറ്റ്-നോൺ പ്ലാൻ പ്രപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ,ഓരോ ഗ്രാമപഞ്ചായത്തും മാർച്ച് മാസം 31ാം തിയതിക്ക് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നു. ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. മാന്വലിന്റെ 2.2,2.3,2.4,2.5 എന്നീ ഖണ്ഡികകളിൽ പദ്ധതി-പദ്ധതിയേതര ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കരട് ബജറ്റ് രൂപീകരണം ,ബജറ്റ് രൂപീകരണത്തിന്റെ സമയക്രമം എന്നിവ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ബജറ്റ് രൂപീകരണം സംബന്ധിച്ച് പാലിക്കേണ്ട നടപടി/ സമയക്രമങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15 ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ് സമർപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ സെക്രട്ടറി അനുബന്ധം 3 &4 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കൈമാറേണ്ടതും | ജനുവരി 15 ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22 ന് മുൻപ് |

| | |
|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1,5.2 എന്നീ ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറേണ്ടത് | ഫെബ്രുവരി 1 ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1 ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 ന് മുൻപ് |

വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച ചേർത്തതായോ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിക്കുകയോ ചെയ്തതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫെബ്രുവരി 1 ന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിച്ചതായി കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ ആരുംതന്നെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ അവരുടെ നിർദ്ദേശങ്ങളുടെ അഭാവത്തിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. ( എൻക്വയറി നം. 9/25.03.2021)

<u>ഓഡിറ്റ് നിർദേശം</u>

ബജറ്റ് രൂപീകരണത്തിൽ ബജറ്റ് മാന്വൽ പ്രകാരമുള്ള സമയക്രമങ്ങൾ, നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-1 ബജറ്റ്

പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ വാർഷിക ബഡ്ജറ്റ് പഞ്ചായത്ത് ജനറൽ കമ്മറ്റി 16/2/2019 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24/3/2020 തീയതിയിലെ 2(1)ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു

മുന്നിരിപ്പ് രൂപ - 15263437

വരവ് - 156551727 രൂപ

ആകെ വരവ്- 171815164 രൂപ

ചെലവ് - 109827675 രൂപ

നീക്കിയിരിപ്പ് - 61987489 രൂപ

**1-1-2 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് അവതരിപ്പിച്ചിട്ടില്ല.**

12.02.2019 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം 2019-20 ലെ കരട് ബജറ്റ് അവതരിപ്പിക്കുന്നതിനും, കരട് ബജറ്റ് അവതരണത്തിന്ശേഷം ആവശ്യമായ ഭേദഗതികൾ സഹിതം ബജറ്റ് അന്തിമമാക്കുന്നതിനും, അന്തിമ ബജറ്റ് 16.02.2019 ന് കൂടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടുത്ത യോഗം കൂടിയിരിക്കുന്നത് 13.03.2019 തിയതിയിലാണ്. കരട് ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ബജറ്റ് അവതരിപ്പിക്കാതെ ജനറൽ കമ്മറ്റിയുടെ 16/2/2019 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഇത് ബജറ്റ് രൂപീകരണത്തിൽ നിർണായക പങ്കുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വീഴ്ചയായി കണക്കാക്കുന്നു.

ഓഡിറ്റ് നിർദേശം

ബജറ്റ് രൂപീകരണം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ഇതിൽ വീഴ്ച വരുത്തുന്നത് അംഗീകരിക്കാവുന്നതല്ല.

**1-1-3 ബജറ്റ് അപാകതകൾ ഇല്ലാതെ തയ്യാറാക്കേണ്ടതാണ്.**

2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തുനികുതി | 7686300 | 6568000 | 1118300 |
| 2 | തൊഴിൽ നികുതി | 4195175 | 4275718 | 80543 |
| 3 | വാടക കെട്ടിടങ്ങൾ | 292727 | 169,250 | 123477 |
| 4 | ലൈസൻസ് | 124791 | 160,900 | 36109 |

| | | | | |
|---|---|---|---|---|
| 5 | പെർമിറ്റ് ഫീ | 226780 | 161,432 | 65348 |
| 6 | മറ്റ് വരവുകൾ നിക്ഷേപ പലിശ | 310000 | 379835 | 69835 |
| 7 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 15630540 | 17547986 | 1917446 |
| 8 | ഭരണ ചെലവുകൾ | 2009189 | 2258309.00 | 249120 |
| 9 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 6499314 | 5195725.00 | 130358 |

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. ( എൻക്വയറി നം. 9/25.03.2021)

**1-2-1 വാർഷിക കണക്കുകളിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്**

വസ്തുനികുതി (തൻവർഷം & കുടിശ്ശിക) സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്തിട്ടുള്ള തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.

2) താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളോടൊപ്പം, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

. സാക്ഷരത SBI, പുതുപ്പരിയാരം A/C. No. 10590541917

. വാട്ടർ ഷെഡ്, SBI, പുതുപ്പരിയാരം A/C. No. 30284707227

. SGRY, SBI, പുതുപ്പരിയാരം A/C.No. 10590551685

. PSCB Ladies Hostel A/C.No.11547

3) കേന്ദ്രാവിഷ്കൃതം (ഐ സി ഡി എസ്), ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഷെയറുകളുടെ ഫണ്ടു വിവരം, മറ്റ് ഏജൻസികളിൽനിന്ന് ലഭ്യമാകുന്ന ഫണ്ടുകളുടെ വിവരം എന്നിവ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബി ഫണ്ട് ACR എഴുതി സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിരിക്കുന്ന ഈ ഇനങ്ങളിലെ വരവ്-ചെലവുകളുടെ കൃത്യത പരിശോധിക്കുന്നതിന് സംവിധാനമില്ല.

4) ബാങ്ക്/ട്രഷറി റിക്കൺസിലിയേഷനുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

5) MGNREGS- ഇൻകം & എക്സ്പെൻഡിച്ചർ, രസീറ്റ് & പേയ്മെന്റ് എന്നിവയിലെ തുകകൾ MGNREGS വിഭാഗത്തിൽ സൂക്ഷിക്കുന്ന കാഷ്ബുക്ക് , ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

6) ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) ലൈഫ് പദ്ധതിക്കായി എടുത്തിട്ടുള്ള ലോൺവിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലോൺ രജിസ്റ്റർ എന്ന പേരിൽ ഒരു രജിസ്റ്റർസൂക്ഷിച്ചിട്ടുണ്ടെങ്കിലും അതിൽ വിവരങ്ങൾ ക്രമപ്രകാരം എഴുതി സൂക്ഷിച്ചിട്ടില്ല

8)അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ AFSമായി പൊരുത്തപ്പെടുന്നില്ല.

9)വെള്ളക്കരം ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിലെ ഈ ഇനത്തിലുള്ള വരവ്-കുടിശ്ശിക വിവരങ്ങളുടെ കൃത്യത വ്യക്തമല്ല

10) ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ മുഴുവനായി “Advance To Implementing Agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

11) സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആയി അക്കൗണ്ട് ചെയ്തിട്ടില്ല.

12) സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

13) 2018-19 വാർഷിക കണക്കുകളുടെ ഓഡിറ്റ് സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കാതെയാണ് 2019-20 ലെ വാർഷികകണക്കുകൾ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത്.

അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-2 വാർഷിക ധനകാര്യപത്രിക</u>

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 20.6.20 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24312813 |
| ഓഡിറ്റ് വർഷത്തെ വരവ് | 99667375 |
| ആകെ | 123980188 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100925749 |
| നീക്കിയിരിപ്പ് | 23054439 |
| വരവിനങ്ങളിലുള്ള നഷ്ടം | 7373 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 138680 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (Allotment) | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 163465572 | 163465572 | 15669735 | 147795837 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 11918647 | 11918647 | 6082021 | 5836626 |
| വികസനഫണ്ട് ടി.എസ്.പി | 0 | 1213000 | 1213000 | 542302 | 670698 |

| | | | | | |
|---|---|---|---|---|---|
| (എ.സി.ആർ പ്രകാരം) | | | | | |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 11067000 | 11067000 | 3868453 | 7198547 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 6823000 | 6823000 | 2789469 | 4033531 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 15310774 | 15310774 | 6506864 | 8803910 |
| ട്രഷറി-- TSB (ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റ് ഫണ്ടുകൾ) | 3736941 | 23419449 | 27156390 | 19678715 | 7477675 |

## 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | |
|---|---|---|---|---|---|---|
| 227 | 219453644 | 104 | 69007515 | - | 123 | 45.81 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 46% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 31.45% മാത്രമാണ്

ചെലവഴിച്ചത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 10420400 | 4207444 | 40.38 |
| വെറ്ററിനറി സർജ്ജൻ | 12 | 10 | 5007250 | 1228250 | 24.53 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 3 | 3450583 | 1120288 | 32.47 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 700000 | 700000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 400000 | 400000 | 100 |
| വി.ഇ.ഒ I | 6 | 3 | 115619922 | 26870000 | 23.24 |
| വി.ഇ.ഒ II | 7 | 4 | 5700400 | 2231600 | 39.15 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 8438731 | 5653309 | 66.99 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 | 649000 | 449000 | 69.18 |
| സെക്രട്ടറി | 36 | 24 | 21446562 | 9900653 | 46.16 |
| എച്ച്.എം | 4 | 3 | 1122065 | 460715 | 41.06 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 135 | 41 | 43435531 | 14236256 | 32.78 |
| അസി.സെക്രട്ടറി | 4 | 2 | 3063200 | 1550000 | 50.6 |
| ആകെ | 227 | 104 | 219453644 | 69007515 | 31.45 |

**1-6 ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 52680 | 30 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3760200 | 1940 |
| 3 | വിധവാ പെൻഷൻ | 7997400 | 3641 |
| 4 | വാർദ്ധക്യകാല പെൻഷൻ | 13011900 | 6456 |

| | | | |
|---|---|---|---|
| 5 | വികലാംഗ പെൻഷൻ | 2245400 | 1120 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 480000 | 222 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 300000 | 10 |

## 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-03-2021 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.05 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 60407/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം- പോരായ്മകൾപരിഹരിക്കേണ്ടതാണ്

2019-20 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അവ കാലികമാക്കി സൂക്ഷിക്കുന്നതിലും ആയത് സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ടിംഗ് എന്നിവയിലും കൃത്യവും സമയബന്ധിതവുമായ മേൽ നോട്ടത്തിന്റെ അഭാവം ബോധ്യപ്പെട്ടു.

മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺരജിസ്റ്റർ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ്-ചെലവ് രജിസ്റ്റർ, ജോയിന്റ് വെഞ്ചർ അക്കൗണ്ടിന്റെ രജിസ്റ്ററുകൾ എന്നിവയിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ, പ്രതിവർഷ റീകൺസിലേഷൻ നടത്തിയിട്ടില്ലെന്നും പരിശോധനയിൽ

കണ്ടെത്തി. അടിസ്ഥാന രേഖകളും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കാതെയാണ് വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. ഈ പ്രവണത അംഗീകരിക്കാവുന്നതല്ല. തനത് വരുമാന ഇനങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകളും നിർവ്വഹണ ഉദ്യോഗസ്ഥരും അക്കൗണ്ടന്റും വരവ്-ചെലവ് കണക്കുകൾ അതാത് അക്കൗണ്ടുകളിൽ കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിച്ചിട്ടില്ല. വാർഷിക കണക്ക് അംഗീകരിക്കുന്നതിനു മുമ്പായി എല്ലാ വരവ്-ചെലവുകളും വാർഷിക കണക്കിൽ കൃത്യമായി ഉൾപ്പെട്ടിട്ടുണ്ടെന്ന് മേലധികാരികൾ ഉറപ്പാക്കാതിരുന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മയാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്നത് ധനകാര്യ മേൽ നോട്ടത്തിന്റെ പാളിച്ചയാണ്.

ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി നടപ്പിലാക്കിയ ഫയലിംഗ് കാര്യക്ഷമത തുടർന്നും ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. 2018-19 വാർഷിക കണക്ക് പരിശോധനയുടെ അടിസ്ഥാനത്തിൽ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ അനുബന്ധമായി ചേർത്ത ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ചൂണ്ടിക്കാണിച്ച അപാകങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല. ഖ 1-10 ൽ സൂചിപ്പിച്ചിരിക്കുന്ന അപാകങ്ങൾ പരിഹരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

**<u>1-9 ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ കാര്യക്ഷമത.</u>**

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരം ഖരമാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനായി ധാരാളം അധികാരങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയ മാലിന്യ പരിപാലനം സുസ്ഥിരമാക്കുന്നതിനായി ഹരിത കേരള മിഷന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 2016 ൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പോലുള്ള കേന്ദ്ര നിയമങ്ങളും നിലവിലുണ്ട്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലും സബ്ഡിഡി മാനദണ്ഡങ്ങളിലും മാലിന്യ സംസ്കരണം ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് തൻവർഷം സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാണോ എന്നും വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. *കണ്ടിൻജന്റ് ജീവനക്കാരുടെ വിവരം*

ഗ്രാമപഞ്ചായത്തിൽ 4 എഫ്.ടി.എസ് മാരുടെ സ്ഥിരം തസ്തിക നിലവിലുണ്ട്. നാല് പേരെയും നിലവിൽ ഓഫീസ് ജോലികൾക്കാണ് നിയോഗിച്ചിട്ടുള്ളത്.

16-ാം വാർഡിലെ കുന്നംകല്ല് എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റിൽ 8 വനിതാ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുന്ന ട്രാക്ടറിന് ഒരു ഡ്രൈവറേയും താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

2. *മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുന്ന വാഹനം*

ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ ട്രാക്ടറിന്റെ സഹായത്തോടെ ശേഖരിച്ച് പ്ലാന്റിൽ നിക്ഷേപിച്ചു വരുന്നുണ്ട്. ജൈവ-അജൈവ മാലിന്യങ്ങൾ സ്രോതസ്സിൽ നിന്നും വേർതിരിച്ച് ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219എം പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയില്ലാത്ത വാഹനം ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത സംവിധാനം ഇല്ലാത്ത വാഹനമാണ് മാലിന്യ നീക്കത്തിനായി നിലവിൽ ഉപയോഗിച്ചു വരുന്നത്.

3. *മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്റർ*

ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും വേർതിരിച്ച് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് വയ്ക്കുന്നതിനുള്ള എം.സി.എഫ് സെന്ററിന്റെ നിർമ്മാണം 2018-19 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

4.*ജൈവവളം- നിർമ്മാണവും വിതരണവും.*

പ്ലാന്റിൽ ജൈവവളം നിർമ്മിച്ച് സമൃദ്ധി എന്ന പേരിൽ വിറ്റഴിക്കുന്നുണ്ട്. 2019-20 വർഷത്തിൽ 62590 രൂപ ഈ ഇനത്തിൽ വരവുണ്ട്.

5.*ഹരിത കർമ്മസേന*

ഹരിതകർമ്മസേന രൂപീകരിക്കുന്നതിനായി 39 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും വൃത്തിയാക്കിയ പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ശേഖരിച്ചു വരുന്നുണ്ട്.3വീടുകളിൽ നിന്ന് 30 രൂപയും വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് 50 രൂപയുമാണ് പ്രതിമാസം ഈടാക്കുന്നത്. ഈ തുക ഹരിതകർമ്മസേനയുടെ അക്കൌണ്ടിലാണ് നിക്ഷേപിക്കുന്നത്.ഇതിനായി പ്രത്യേകം രസീതുബുക്കുകൾ ഉണ്ടെങ്കിലും മേൽ നോട്ട സംവിധാനം ഫലപ്രദമല്ല.

6. *ഉറവിട മാലിന്യം സംസ്കരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കുന്നില്ല.*

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്,

പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങളോട് നിർദ്ദേശിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കിക്കാണുന്നില്ല.

*7.പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയിട്ടില്ല.*

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്സ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ച് പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഹരിത സഹായ സ്ഥാപനമായി നിയോഗിക്കപ്പെട്ടിട്ടുള്ള IRTC യുടെ സഹായത്തോടെ ഈ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള സാധ്യത നാളിതുവരെ പരിഗണിച്ചിട്ടില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലും പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുണ്ടെങ്കിലും പഞ്ചായത്തിന്റെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണം ഫലപ്രദമല്ല എന്നതാണ് വസ്തുത.

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യം സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യരഹിത തദ്ദേശഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഖണ്ഡിക 7.1.6(സി) ശുചിത്വ-മാലിന്യ സംസ്കരണം എന്ന ഖണ്ഡികയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് മാലിന്യ നിയന്ത്രണത്തിനുള്ള പ്രോജക്റ്റുകൾ തയ്യാറാക്കുവാനും ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ എന്നിവരുടെ സാങ്കേതിക സഹായം തേടാനും ഗ്രാമപഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8ൽ ഖര-ദ്രവ മാലിന്യ സംസ്കരണ ത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിശദാംശം ഉൾപ്പെടുത്തി യിട്ടുണ്ട്.

വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി സബ്സിഡി നൽകുന്നതിനുള്ള പ്രോജക്റ്റുകൾ തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ബയോഗ്യാസ് പ്ലാന്റ്, ഗാർഹിക കംപോസ്റ്റ് മുതലായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം പ്രോൽസാഹിപ്പി ക്കുന്നതിനായി മുൻഗണന നൽകിയിട്ടില്ല.

*8. കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ചുള്ള നടപടികൾ, പരിശോധനാ സംവിധാനം*

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219 എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള അധികാരം പഞ്ചായത്ത് കാര്യക്ഷമമായി പ്രയോഗിക്കുന്നില്ല എന്ന് രേഖകളുടെ പരിശോധനയിലും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലും ബോധ്യപ്പെട്ടു.

മാലിന്യ നിയന്ത്രണത്തിനായി നിയമപ്രകാരം നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുകയും ആരോഗ്യ വകുപ്പ് ജീവനക്കാർ, പൊലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ സഹകരണത്തോടെ പരിശോധനാ സംവിധാനം കർശനമാക്കുകയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കുകയും ചെയ്താൽ സുസ്ഥിര മാലിന്യ നിയന്ത്രണം എന്ന ലക്ഷ്യം കൈവരിക്കാവുന്നതാണ്.

*9.പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ*

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുസരിച്ച് പുറപ്പെടുവിച്ച 24-09-2016 ലെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ

താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞത് 4000 രൂപ പ്രതിമാസം പരിപാലന ഫീയായി പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ നിയന്ത്രണ സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.ഫ്ലക്സ് നിരോധനം, പ്ലാസ്റ്റിക്ക് നിരോധനം എന്നിവ നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് ചുമതലകൾ നൽകിയിട്ടുണ്ട്.

10. *ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കൽ*

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും പ്രോൽസാഹിപ്പി ക്കേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിനായി വ്യാപാരി-വ്യവസായികളുടെ യോഗം വിളിച്ചു ചേർക്കാവുന്നതാണ്. വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾക്കുള്ള ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

11.*ഖരമാലിന്യ സംസ്കരണം- പ്ലാന്റും തുടർ ചെലവുകളും*

മാലിന്യം ശേഖരിക്കുന്നതിനുള്ള ഷെഡും ജൈവ വളനിർമ്മാണത്തിനുള്ള ഷെഡും ജീവനക്കാർക്കുള്ള ഷെഡും പ്ലാന്റിനോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുണ്ട്. 2010 ൽ പ്രവർത്തനം ആരംഭിച്ച പ്ലാന്റിന്റെ നവീകരണ പ്രവൃത്തികൾ 2018-19 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ആകെ 39,55,000 രൂപയാണ് 2017-18,2018-19 വർഷങ്ങളിലായി ഐ.ആർ.ടി.സി ക്ക് കൈമാറിയിട്ടുള്ളത്.

2019-20 ൽ പ്രൊ. നം.158/20-ഖരമാലിന്യ പ്ലാന്റ് നവീകരണം എന്ന 1850000 രൂപ അടങ്കലുള്ള പദ്ധതിയിൽ IRTC ക്ക് 27.3.20 ന് മുൻകൂറായി 9,75,000 രൂപയും നൽകിയിട്ടുണ്ട്.

ഇതിനു പുറമേ സ ഉ(സാധാ) 471/2019/ത.സ്വ.ഭ.വ/9.2.2018, സ ഉ.(സാധാ) 407/2018/ത.സ്വ.ഭ.വ/3.1.2019 എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം രൂപീകരിച്ച പ്രൊ. നം216/20 IRTC കോ- ഓർഡിനേറ്റർക്ക് വേതനം എന്ന പദ്ധതിയിക്കു കീഴിൽ 3,33,652/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇത് 30332/-രൂപ നിരക്കിൽ 2019 മെയ് മുതൽ 2020 മാർച്ച് വരെയുള്ള കോ-ഓർഡിനേറ്ററുടെ വേതനമാണ്.

കഴിഞ്ഞ 3 വർഷങ്ങളിൽ വിവിധ പദ്ധതികളിലായി 52.63 ലക്ഷം രൂപ ചെലവഴിച്ചിട്ടും ഗ്രാമ പഞ്ചായത്ത് പരിധിയിൽ മാലിന്യ സംസ്കരണം ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല.

12. *മോണിറ്ററിംഗ് സംവിധാനം*

മാലിന്യ സംസ്കരണത്തിനുള്ള പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല കുടിവെള്ളം, ശുചിത്വം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. അസി.എഞ്ചിനിയർ കൺവീനർ ആയ വർക്കിംഗ് ഗ്രൂപ്പിൽ ഫലപ്രദമായ പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള ചർച്ചകൾ ഉണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയുള്ള ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർനടപടികൾ വിലയിരുത്തിയിട്ടില്ല.

13.*ഓഡിറ്റ് നിർദ്ദേശം*

1മാലിന്യ നിയന്ത്രണത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും ഇടപെടൽ ശക്തമാക്കേണ്ടതാണ്.

2. ഒന്നിൽ കൂടുതൽ കണ്ടിൻജന്റ് ജീവനക്കാരെ ഓഫീസ് ജോലികൾക്ക് നിയോഗിക്കുന്നത് പരമാവധി ഒഴിവാക്കണം.

3. ഹരിത കർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതമാക്കുക.

3. മാലിന്യ നീക്കത്തിനായുള്ള വാഹനം നിയമാനുസൃത മാനദണ്ഡങ്ങളോടെയാണെന്ന് ഉറപ്പാക്കുക.

4. പ്ലാന്റിന്റെ പരിസരം ശുചിയായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള പരിശോധന ആരോഗ്യ വിഭാഗത്തിന്റെ കൂടി സഹായത്തോടെ നടത്തേണ്ടതാണ്.

6.പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ വർക്കിംഗ് ഗ്രൂപ്പിന്റേയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഇടപെടൽ ഉണ്ടകേണ്ടതാണ്.

7.മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഹരിത കേരള മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

8. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219 എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

9. ഹരിത സഹായ സ്ഥാപനം എന്ന നിലയിൽ IRTC ക്ക് നാളിതുവരെ നല്കിയ മുഴുവൻ തുകക്കുമുള്ള സാങ്കേതിക-മാർഗ്ഗനിർദ്ദേശ സേവനങ്ങൾ ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-10 ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.**

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി, രൂപീകരണവും, വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗം എന്നിവ മൂലം ദുരിതം അനുഭവിക്കുന്ന ഗ്രാമ

പഞ്ചായത്ത് നിവാസികളും, നിർധനരായ വ്യക്തികൾക്കും അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ടു സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല എന്ന് കാണുന്നു. ദുരിതാശ്വാസ നിധി രൂപീകരിക്കാത്തതിനാൽ സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നല്ലാതെ മറ്റൊരു ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാകുന്നതിനുള്ള സാഹചര്യം ഇല്ലാതായി.

ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) വകുപ്പുകൾ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ചെയ്യിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, പുതുപ്പരിയാരം പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു.

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവർഷതൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | സബ് പോസ്റ്റ് ഓഫീസ്,ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 1 |
| 2 | റേഞ്ച് ഫോറസ്റ്റ് ഓഫീസർ, സാമൂഹ്യ വനവൽക്കരണം | 2 |

| | | |
|---|---|---|
| 3 | SIDCO റോ മെറ്റീരിയൽ ഡിപ്പോ, പാലക്കാട് | 2 |
| 4 | കൃഷ്ണ വുഡ് വർക്ക്സ്, മുട്ടിക്കുളങ്ങര | 2 |
| 5 | വാർക്കാട് അലീമ വുഡ് വർക്ക്സ് | 2 |
| 6 | ബാപ്പുജി സ്കൂൾ, മുട്ടിക്കുളങ്ങര | 2 |
| 7 | സോഷ്യൽ ഫോറസ്ട്രി, മണ്ണാർക്കാട് | 2 |
| 8 | ലാൽക്കർ ഇലക്ട്രോണിക്ക്സ് | 2 |

മേൽ സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം-2 ,തിയതി-19-3-2021)

**റേഷൻകട ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല**

പഞ്ചായത്ത് പരിധിയിൽ 9 റേഷൻകടകളാണ് ഉള്ളത്. തൊഴിൽനികുതി രേഖകളുടെ പരിശോധനയിൽ റേഷൻകടകളുടെ ജീവനക്കാരുടെ തൊഴിൽനികുതി ,സ്ഥാപനതൊഴിൽനികുതി എന്നിവ ഡിമാന്റ് ചെയ്ത് പഞ്ചായത്തിൽ അടവാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. റേഷൻഡിപ്പോ ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം – 22,തിയതി -26-3-2021)

**1-12 വസ്തുനികുതി രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ**

**1. വസ്തു നികുതി-കുടിശ്ശിക ഈടാക്കേണ്ടതാണ്**

2019-2020 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം താഴെ കൊടുത്തിരിക്കും വിധം വസ്തുനികുതി കുടിശ്ശികയാണുള്ളത്:

| കെട്ടിടത്തിൻെറ തരം | തൻവർഷ കുടിശ്ശിക (രൂപ) | മുൻ വർഷ ങ്ങളിലെ കുടിശ്ശിക (രൂപ) |
|---|---|---|
| റെസിഡെൻഷ്യൽ | 21287 | - |

| | | |
|---|---|---|
| നോൺ റെസിഡെൻഷ്യൽ | 238425 | 692841 |
| ആകെ | **952553 രൂപ** | |

വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2**. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്**

പഞ്ചായത്ത് പരിധിയിൽ ബി.എസ്.എൻ.എലിന്റെ 4 മൊബൈൽ ടവറുകളാണ് ഉള്ളത്. (ഇരുപ്പശ്ശേരി, പയ്യൽ, വാർക്കാട്, പാലയ്ക്കാപറമ്പ് ). 2013-14 മുതലുള്ള വസ്തുനികുതി കുടിശ്ശിക പഞ്ചായത്തിൽ സ്ഥാപനം അടവാക്കിയിട്ടില്ല. ഭീമമായ ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ആർ. ആർ . നടപടികൾ സ്വീകരിച്ചു വരുന്നതായി അധികൃതർ വാക്കാൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8 , 24-3-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

3**.വസ്തുനികുതി തെറ്റായി നിർണ്ണയിച്ചിരിക്കുന്നതിനാൽ 7372.72 രൂപ നഷ്ടം**

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച. മീറ്ററിന് 55 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച. മീറ്ററിന് 70 രൂപയുമാണ് പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിൽ ബാധകമായിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്.

(A) മൊയ്തീൻകുട്ടി, മേലെചെറുത്ത്, നെട്ടുങ്ങോട്ടൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 150 **ച മീ** തറവിസ്തീർണ്ണമുള്ള 15/599 നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച. മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ , റെസ്റ്റോറന്റ്, ഷോപ്പുകൾ എന്ന വിഭാഗത്തിൽ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ നഷ്ടം ഉണ്ടായിരിക്കുന്നു.

| | |
|---|---|
| തറവിസ്തീർണ്ണം | 150 ച മീ |
| വർദ്ധനവ്/ഇളവ് | വർദ്ധനവ്-1650<br>(വഴി സൗകര്യം-20%,) |
| നിലവിലെ നികുതി നിർണ്ണയം | 150*55= 8250<br>+ 20% = 9900<br>നിലവിലെ നികുതി= BT 9900 + LC 495= 10395 രൂപ |
| യഥാർത്ഥത്തിൽ ചുമത്തേണ്ടിയിരുന്ന വസ്തുനികുതി | 150*70=10500<br>+ 20% = 12600 |

| | |
|---|---|
| | നിർണ്ണയിക്കേണ്ട നികുതി= BT 12600+ LC 630 = 13230 |
| | **കുറവ് = 2835 രൂപ** |

(B) പി.എസ്.അഷറഫ് റിയാസ് എന്നവരുടെ ഉടമസ്ഥതയിലുള്ള 154.4 ച മീ തറവിസ്തീർണ്ണമുള്ള 19/349 നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച. മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ , റെസ്റ്റോറന്റ്, ഷോപ്പുകൾ എന്ന വിഭാഗത്തിൽ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.

നിലവിലെ ഫോം - 6 പ്രകാരം 2 വർഷം പഴക്കമാണ് ഈ കെട്ടിടത്തിന് ഉള്ളത് .

| | |
|---|---|
| തറവിസ്തീർണ്ണം | 154.4*55 = 8492 |
| വർദ്ധനവ്/ഇളവ് | ഇളവ് =1698.4 രൂപ (മേൽക്കൂര-10% , മേഖല =10%) |
| നിലവിലെ നികുതി(ഫോം-6 പ്രകാരം) | 4541 രൂപ |
| യഥാർത്ഥത്തിൽ ചുമത്തേണ്ട വസ്തുനികുതി | 154.4 * 70=10808<br>ഇളവുകൾ =2161.6 (മേൽക്കൂര-10% , മേഖല=10%)<br>നിർണ്ണയിക്കേണ്ട നികുതി= BT 8646.4+ LC 432 =9078.72 |
| | **കുറവ് = 4537.72രൂപ** |

കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി കണക്കാക്കിയിരിക്കുന്നതിനാൽ ഉണ്ടായ 2835 + 4537.72 = **7372.72 രൂപ നഷ്ടം ഈടാക്കേണ്ടതും , മേൽ കെട്ടിടങ്ങളുടെ ഫോം -6 ക്രമീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.**

## 1-13 രശീത്ബുക്ക്, കളക്ഷൻ, ഒടുക്ക് എന്നിവയിലെ അപാകതകൾ

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്ലാസ്റ്റിക്ക് കവർ ശേഖരിക്കുന്നതിന് ഹരിതകർമ്മസേന പ്രവർത്തിച്ച് വരുന്നുണ്ട്. പ്ലാസ്റ്റിക്ക് കവർ ശേഖരിക്കുന്നതിന്

വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കി വരുന്നുണ്ട്. ഇതിനായി പഞ്ചായത്ത് നൽകുന്ന രശീത് ബുക്കാണ് ഉപയോഗിച്ച് വരുന്നത്. ഹരിത കർമ്മ സേനക്ക് 24-08-2019 മുതൽ 13-03-2021 വരെ 240 രശീത് ബുക്കുകൾ അനുവദിച്ചിട്ടുണ്ട്.

1. രശീത് ബുക്കുകൾ ഒന്നിലും ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല.

2. കളക്ഷൻ തുക കളക്ഷൻ രജിസ്റ്ററിൽ ക്രമമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ( നിലവിൽ കളക്ഷൻ ഒരു നോട്ടു ബുക്കിൽ ക്രമമല്ലാതെയും, വ്യത്യസ്ത തിയതികളിലും കുറിച്ചിടുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.)

3. കളക്ഷൻ തുക അതാതു ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്കിൽ അടവാക്കുന്നില്ല.

അതാതു ദിവസത്തെ കളക്ഷൻ ആ തിയ്യതിയിൽ രേഖപ്പെടുത്താത്തതിനാലും, കളക്ഷൻ തുക ഹരിത കർമ്മസേനയുടെ പുതുപ്പരിയാരം സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ 102100010019652 ൽ വ്യത്യസ്ത തിയതികളിൽ ഒടുക്കി വരുന്നതിനാലും അവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

കളക്ഷൻ, ഒടുക്ക് എന്നിവ ശരിയായി പരിപാലിക്കേണ്ടതാണ്.

4. അഗ്രികൾച്ചർ ഓഫീസർക്ക് അനുവദിച്ച രശീത് ബുക്കുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയാഗിച്ചിട്ടില്ല.

രശീത് ബുക്ക് - 11414 (21 മുതൽ 100 വരെ), 11417 (1 – 100 ), 11419 (1 – 100 ), 11420 (1-100), 11422 (1-5)

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾ 20(2)(C) അനുസരിച്ച് മാനുവൽ രശീതികളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 6/23-03-2021 ന് മറുപടി നൽകിയിട്ടില്ല.

## 1-15 ലൈഫ് ഭവനപദ്ധതി - അവലോകനം

സംസ്ഥാനത്തെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. സ.ഉ (എം.എസ്) നം.151/2017/ തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ പട്ടിക അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി പ്രകാരം ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

**ഒന്നാം ഘട്ടം**

ഒന്നാം ഘട്ടത്തിലെ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

**രണ്ടാം ഘട്ടം**

2019-2020 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

**2019-2020 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ**

ജനറൽ വിഭാഗത്തിൽ 245 ഉം, എസ്.സി വിഭാഗത്തിൽ 18 ഉം ഉൾപ്പെടെ ആകെ 263 ഗുണഭോക്താക്കളാണ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻവർഷം ആവിഷ്കരിച്ച പ്രൊജക്റ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

**A) സമ്പൂർണ്ണ ഭവന പദ്ധതി- ലൈഫ് ( പ്രൊജക്റ്റ് നം.28)**

**നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ - 1**

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 4840000 | 4840000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 16000000 | 15380000 |
| ബ്ലോക്ക് പഞ്ചായത്ത് | 1351896 | 960000 |
| ജില്ലാ പഞ്ചായത്ത് | 1925103 | 0 |
| മറ്റുള്ളവ | 47083001 | 2120000 |
| ആകെ | 71200000 | 23300000 |

**B) സമ്പൂർണ്ണ ഭവന പദ്ധതി- ലൈഫ് (പ്രൊജക്റ്റ് നം. 209)(സ്പിൽഓവർ)**

**നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ - 1**

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 130000 | 120000 |
| | | |

| | | |
|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 202818 | 0 |
| ജില്ലാ പഞ്ചായത്ത് | 5103 | 0 |
| മറ്റുള്ളവ | 40850000 | 3420000 |
| തനതുഫണ്ട് | 37001 | 0 |
| ആകെ | 41224922 | 3540000 |

ജനറൽ വിഭാഗത്തിലെ കരാർ വച്ച 190 ഗുണഭോക്താക്കളിൽ 135 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

C) സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ്- എസ്.സി)(പ്രൊജക്റ്റ് നം. 164)(സ്പിൽഓവർ)

**നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ – 2**

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 1620000 | 1540000 |
| തനത് ഫണ്ട് | 7649 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 238235 | 0 |
| ജില്ലാ പഞ്ചായത്ത് | 1154116 | 0 |
| മറ്റുള്ളവ | 200000 | 0 |
| ആകെ | 3220000 | 1540000 |

കരാറിലേർപ്പെട്ട 12 ഗുണഭോക്താക്കളിൽ 4 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഭവനനിധി രൂപീകരിച്ചതിന്റെ വിവരങ്ങൾ

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ ഭവനനിധി രൂപീകരിച്ചിട്ടില്ല.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

ഹഡ്കോയിൽ നിന്നു KURDFC മുഖേന 7160000 രൂപ (ലൈഫ് ജനറൽ – സർക്കിൾ-1) വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്.
ലൈഫ് എസ്.സി – സർക്കിൾ-2 -ലോൺ ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2.സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16-1 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട വ്യാപാരികളെ ലൈസൻസ് എടുപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടത് സമ്പന്ധിച്ച്

2018-19 ട്രേഡേഴ്സ് പട്ടിക പ്രകാരം പുതുപ്പരിയാരമ ഗ്രാമഞ്ചായത്തിൽ ആകെ 900 വ്യാപാരികളുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ 2018-19 വർഷത്തിൽ 239 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് ആർജിച്ചിട്ടുള്ളൂ. 2019-20 സാമ്പത്തിക വർഷത്തിൽ 253 സ്ഥാപനങ്ങൾ ലൈസൻസ് നേടി. ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ്പ്കാ 232,232(1),233 പ്രകാരം യാതൊരു സ്ഥാപനവും ലൈസൻസ് ആർജിച്ചേ പ്രവർത്തിക്കാവൂ. ആയതിനാൽ 2019-2020വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ(പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല) ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് എടുപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1 ലെ ക്രമ നം. 149 ആയി ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കാണുന്നില്ല. റേഷൻ

കടകൾക്ക് ലൈസൻസ് അനുവദിക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്..

**1-16 രജിസ്റ്ററുകൾ രേഖകൾ എന്നിവ പരിപാലിക്കേണ്ടത് സബന്ധിച്ച്**

2019-20 ഡി &ഒ രജിസ്റ്ററിലെ ക്രമ.നമ്പർ 13,114,116,161,171,228 എന്നിവ യതാക്രമം ക്ലീനിക്കൽ ലാബ്, ഡെൻ്റൽ ക്ലീനിക്ക്,മെഡിക്കൽ ലാബ്,ഡെൻ്റൽ ക്ലീനിക്ക്, ഡോക്ടർ കൺസൽട്ടിഗ് , ഡെൻ്റൽ ക്ലീനിക്ക് എന്നിവയാണ്. ഗ്രാമഞ്ചായത്തിൽ മേൽ സൂചിപ്പിച്ച പാരമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ പാരമെഡിക്കൽ സ്ഥാപനങ്ങൾക്ക് ബാധകമായ പാരമെഡിക്കൽ രജിസ്റ്റര് ലഭ്യമാക്കിയിട്ടില്ല. ആയത് പരിപാലിക്കേണ്ടതും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. കൂടാതെ Image Certificate കൂടെ ലൈസൻസ് അപേക്ഷയോടൊപ്പം ഹാജരാക്കാൻ നിർദേശിക്കേണ്ടതാണ്. അറവ് ശാലകൾ, മാംസവിൽപ്പന ശാലകൾ എന്നിവ മാലിന്യസംസ്കരണത്തെ സംബന്ധിച്ച രേഖ ലഭ്യമാക്കിയിട്ടില്ല. ഭക്ഷ്യ ഉത്പാദനം , വില്പന എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ( ഹോട്ടൽ,ബേക്കറി,ഐസക്രീം നിർമാണം, ചായക്കട, ചിപ്പ്സ് കട, തുടങ്ങിയവ) അപേക്ഷയിൽ FSSAI (Food Safety And Standards Authority Of India) സർട്ടിഫിക്കറ്റ് ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-17 എസ്.എസ്.എ. വിഹിതം നൽകൽ -പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല**

കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ ഏഡ്യുക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA, RMSA &TE കളുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള “എസ്.എസ്.എ. വിഹിതം ” പ്രൊജക്ട് പ്രകാരം ജില്ലാ പ്രൊജക്റ്റ് ഓഫീസർ, എസ്.എസ്.കെ, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് 1110400/- രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ- | S0001/20 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക- | 1110400/- |
| ചെലവ് - | 1110400/- ( വികസന ഫണ്ട്) |
| ബിൽ നമ്പർ - | 8/ 19-20 തീയതി 25.07.2019 തുക-898129/- |

| | |
|---|---|
| | 17/ 19-20 തീയതി 15.10.2019 തുക-212271/- |
| തുക കൈമാറിയത് | ജില്ലാ പ്രൊജക്റ്റ് ഓഫീസർ, എസ്.എസ്.കെ, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് ( IFSC Code: CNRB000812 A/C No: 0812101063416) |

ഈ പദ്ധതി നടത്തിപ്പിന്റെ അപാകതകൾ ചുവടെ ചേർക്കുന്നു

1. ജില്ലാ പ്രൊജക്റ്റ് ഓഫീസർ, എസ്.എസ്.കെ, പാലക്കാടിന്റെ അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2. 2019-20 വർഷത്തിൽ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSA നിർമ്മിച്ച ശുചിമുറികൾ, പഠന മുറികൾ, ഡിജിറ്റൽ പഠന മുറികൾ, മറ്റ് നിർമ്മാണ പ്രവർത്തികൾ, വിദ്യാലയങ്ങൾക്ക് ലഭിച്ച ഐ.സി.ടി ഉപകരണങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്കൂൾ പ്രധാന അധ്യാപകരിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ SSA നടത്തിയ അക്കാദമിക്ക് / നിർമ്മാണ / പരിശീലന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ( വിദ്യാലയത്തിന്റെ പേര്, പ്രവൃത്തി, ആകെ ചെലവ് തുക, ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ എണ്ണം മുതലായവ) ജില്ലാ പ്രൊജക്ട് ഓഫീസറിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
3. എസ്.എസ്.എ നടപ്പിലാക്കുന്ന പ്രവൃത്തികൾ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും മോണിറ്ററിംഗ് നടത്തിയിട്ടില്ല.

4. 13-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് 11/2018/ത.സ്വ.ഭ.വ ഖണ്ഡിക 5.2(2) പ്രകാരം ഗ്രാമപഞ്ചായത്തുകൾ വകയിരുത്തുന്ന എസ്.എസ്.എ, ആർ.എം.എസ്.എ പ്രോജക്ടുകളുടെ വിഹിതങ്ങളിൽ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക യഥാക്രമം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്നും പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിക്കായി പട്ടികജാതി പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും തുകയൊന്നും വകയിരുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ( എൻക്വയറി നം. 12/25.03.2021) ജില്ലാ പ്രോജക്ട് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1. എസ്.എസ്.എ നടപ്പിലാക്കുന്ന പ്രവൃത്തികൾ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതാണ്.

2. പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക യഥാക്രമം പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും

വഹിക്കേണ്ടതാണ് .

**1-18 നിക്ഷേപപ്രവൃത്തികൾ - വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പ്രവൃത്തികൾക്കായി നിർവ്വഹണഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വിനിയോഗ/ പൂർത്തീകരണവിവരം ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/ തിയ്യതി | ചെക്ക് നമ്പർ/ തിയ്യതി | തുക | കൈമാറിയത് |
|---|---|---|---|---|---|
| 1 | S0238/20, തുമ്പൂർമുഴി പ്ലാന്റെ സ്ഥാപിക്കൽ | - | ചെക്ക് നമ്പർ- 2616535 Dated 30/03/2020 | 4,90,000/- | IRTC, Mundur |
| 2 | S0002/20, ഐ.കെ.എം.ന് വിഹിതം കൈമാറൽ | 7/19-20, 25.07.2019 | | 121495/- വികസനഫണ്ട് | ഐ.കെ.എം. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/27.03.2021) മറുപടി ലഭിച്ചിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-19 2019 -20 വർഷം നടപ്പിലാക്കാത്ത പദ്ധതികൾ- പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.**

2019 -20 വർഷം അംഗീകാരം ലഭിച്ച താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

1. പ്രോ.നം.159. പാനപന്തൽ എൽ.പി.സ്കൂളിന് സ്ഥലം വാങ്ങൽ. അടങ്കൽ. 5,00,000/- (തനത് ഫണ്ട്) സ്പിൽ ഓവർ പദ്ധതി

പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ഗവ.എൽ.പി.സ്കൂൾ പുതുപ്പരിയാരം നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടത്തിന് വാടക നൽകുന്നതിനായി വർഷം തോറും പഞ്ചായത്തിന് നല്ല ഒരു തുക ചിലവു വരുന്നു. തൻ വർഷം വാടക ഇനത്തിൽ 1,78,272 രൂപ തനത് ഫണ്ടിൽ നിന്നും ചിലവഴിച്ചിട്ടുണ്ട്. പ്രൈമറി സ്കൂളുകളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന ചുമതലകളിൽ പെടുന്നതിനാൽ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി പ്രൈമറി സ്കൂളിന് സ്വന്തം കെട്ടിട നിർമാണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പ്രോ.നം.160. പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തിന് കളിസ്ഥലം വാങ്ങൽ. അടങ്കൽ. 5,00,000 (തനത് ഫണ്ട്) സ്പിൽ ഓവർ പദ്ധതി

പഞ്ചായത്തിന് കളിസ്ഥലം വാങ്ങൽ എന്ന സ്പിൽ ഓവർ പദ്ധതി തൻവർഷവും നടപ്പിലാക്കിയിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖ പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ ഒരു മിനിസ്റ്റേഡിയവും ഒരു വാർഡിൽ ഒരു കളിസ്ഥലവും എന്നതാവണം ലക്ഷ്യമെന്നും, കളിസ്ഥലവും സ്റ്റേഡിയും ഒരുക്കുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകൾ (സ്ഥലം വാങ്ങൽ ഉൾപ്പെടെ) പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്നും നിഷ്കർഷിക്കുന്നു.

3. പ്രോ.നം.225 ഓഫീസുകളിലെ മാലിന്യ സംസ്കരണ സംവിധാനം അടങ്കൽ.7,00,000/- കേന്ദ്രാവിഷ്കൃതഫണ്ട്.

4. പ്രോ.നം.227 ഗ്രാമ പഞ്ചായത്ത് ഓഫീസ് സോളാർ വൽക്കരണം.
അടങ്കൽ- 10,00,000/- (തനത് ഫണ്ട്)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ( എൻക്വയറി നം. 19/25.03.2021) പാനപന്തൽ എൽ.പി.സ്കൂളിന് സ്ഥലം വാങ്ങൽ, പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തിന് കളിസ്ഥലം വാങ്ങൽ, ഖരമാലിന്യ സംസ്കരണ പ്ലാന്റെ നവീകരണം, ഓഫീസുകളിലെ മാലിന്യ സംസ്കരണ സംവിധാനം എന്നീ പദ്ധതികൾ തൻവർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസ് സോളാർ വൽക്കരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഓഫീസിന്റെ ഭൗതികസാഹചര്യങ്ങളിൽ കഴിയുന്നതല്ല എന്ന് നിർവഹണ ഏജൻസിയായ അനർട്ട് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഇത്തരം വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**1-20 കർഷകർക്ക് ടിഷ്യുകൾച്ചർ വാഴ വിതരണം പദ്ധതി - മാർഗ്ഗരേഖ പാലിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ- | S0037/20, വാഴകൃഷി വികസനം |
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ തുക- | 30,000/- (വികസന ഫണ്ട്) + 7500/- (ഗുണഭോക്തൃവിഹിതം) |
| ചെലവ് - | 30,000/- (വികസന ഫണ്ട്) |
| ബിൽ നമ്പർ - | 5/20 തീയതി 01/11/2019 |

വാഴ കൃഷി വികസനം എന്ന പദ്ധതിയ്ക്കായി VFPCKയിൽ നിന്നും 2000 വാഴതൈകൾ തൈ ഒന്നിന് 20 - രൂപ നിരക്കിൽ വാങ്ങുകയും 71 ഗുണഭോക്താക്കൾക്കായി സബ്സിഡി 15 /- രൂപ , ഗുണഭോക്ത വിഹിതം 5 /- രൂപ എന്ന നിരക്കിൽ വിതരണം ചെയ്തിട്ടുമുണ്ട്.

ഈ പദ്ധതി നിർവഹണത്തിൽ അപാകതകൾ ചുവടെ ചേർക്കുന്നു

**ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ വ്യക്തമല്ല**

ടി പദ്ധതിയിൽ 71 ഗുണഭോക്താക്കൾക്ക് ടിഷ്യുകൾച്ചർ വാഴ നൽകിയിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖാ പ്രകാരം സ്ഥലവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോരുത്തർക്ക് നൽകാവുന്ന വാഴകളുടെ എണ്ണം തീരുമാനിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കൾ തങ്ങളുടെ കൈവശത്തിലുള്ള കൃഷി സ്ഥലം, കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, ഇവ തെളിയിക്കുന്ന ആധികാരിക രേഖകളായ ലാന്റെ ടാക്സ് രശീതി /പൊസഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. യാതൊരു മാനദണ്ഡങ്ങളും ഇല്ലാതെ വാഴതൈകൾ വിതരണം ചെയ്തതിൻ മൂലം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം പ്രാപിച്ചിട്ടില്ല.

**പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.**

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റിയായി പ്രവർത്തിക്കേണ്ടതും പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയെക്കുറിച്ച് വിലയിരുത്തലുകൾ നടത്തേണ്ടതുമാണ്. എന്നാൽ ടി പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ( എൻക്വയറി നം. 24/27.03.2021) ഓഫീസിലെ തിരക്കുകൾ മൂലമാണ് സ്ഥലത്തിന്റെ വിസ്തീർണ്ണം തെളിയിക്കുന്ന രേഖകൾ വാങ്ങിച്ചുവെക്കാൻ കഴിയാതിരുന്നതെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതാണ് എന്നും മാർച്ച് അവസാനത്തോടുകൂടി കോവിഡ് മൂലം ലോക്ഡൗൺ പ്രഖ്യാപിച്ചതിനാൽ പദ്ധതിയുടെ മോണിറ്ററിംഗ് നടത്താൻ സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും നിർവഹണം നടത്തേണ്ടതുമാണ്.

**<u>1-21 എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി- സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ- | S0051/19-20 എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ, ഗവൺമെന്റെ എൽ.പി.സ്കൂൾ<br>(നിർവ്വഹണ ഏജൻസി- ആർട്ട്കോ) |
| അടങ്കൽ തുക- | 250000/- |
| ചെലവ് - | 247250/- (എസ്.സി.പി) |
| ബിൽ നമ്പർ - | 6/ 19-20 തീയതി 11.03.2020 തുക 49450/-<br>7/ 19-20 തീയതി 11.03.2020 തുക 49450/- |

| | |
|---|---|
| | 8/ 19-20 തീയതി 11.03.2020 തുക 49450/-<br>9/ 19-20 തീയതി 11.03.2020 തുക 49450/-<br>10/ 19-20 തീയതി 11.03.2020 തുക 49450/- |

പദ്ധതി പ്രകാരം സ്കൂളിൽ പഠിക്കുന്ന 50 എസ്.സി വിദ്യാർത്ഥികൾക്ക് 1 മേശയും 1 കസേരയും വീതം നൽകിയിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പിന്റെ അപാകതകൾ ചുവടെ ചേർക്കുന്നു

1. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും കീഴിൽ നടപ്പിലാക്കുന്ന എല്ലാ വാങ്ങൽ പ്രോജക്ടുകളും പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യേണ്ടതും ടി കമ്മറ്റിയുടെ അംഗീകാരത്തോടു കൂടി മാത്രമേ ഏത് വാങ്ങൽ പദ്ധതികളും നടപ്പിലാക്കാവൂ. എന്നാൽ ഈ പദ്ധതിയുടെ വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരം ലഭ്യമായിട്ടില്ല.

2. സർക്കാർ ഉത്തരവ് 2092/2018/ തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫർണിഷിംഗ് പ്രവർത്തനങ്ങൾക്കായി ARTCO യെ നോഡൽ ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവ് നമ്പർ 7/2020/ Spd പ്രകാരം ആർട്ട് കോയിൽ നിന്നും പർച്ചേസ് ചെയ്യുമ്പോൾ ആർട്ട് കോ മാനേജിംഗ് ഡയറക്ടറിൽ നിന്നും മേൽ ഉൽപന്നങ്ങൾ എല്ലാം തങ്ങൾ ഉല്പാദിപ്പിച്ചവയാണെന്നും പുറമെ നിന്നും വാങ്ങിയതല്ല എന്ന ഒരു സർട്ടിഫിക്കറ്റ് നിർബന്ധമായും നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങിച്ചിരിക്കേണ്ടതാണ്. എന്നാൽ ടി സർട്ടിഫിക്കറ്റ് ആർട്ട് കോയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നം. 16/26.03.2021)

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രമേ വാങ്ങൽ പ്രവൃത്തികൾ നടത്താവൂ.

2.ആർട്ട് കോയിൽ നിന്നും പർച്ചേസ് ചെയ്യുമ്പോൾ വാങ്ങുന്ന ഉൽപന്നങ്ങൾ എല്ലാം തങ്ങൾ ഉല്പാദിപ്പിച്ചവയാണെന്നും പുറമെ നിന്നും വാങ്ങിയതല്ല എന്ന ഒരു സർട്ടിഫിക്കറ്റ് ആർട്ട് കോയിൽ നിന്നും വാങ്ങിക്കേണ്ടതാണ്.

**<u>1-22 എ.ബി.സി പ്രോഗ്രാം - ലക്ഷ്യ പ്രാപ്തി വിവരങ്ങൾ ലഭ്യമായില്ല.</u>**

**എ.ബി.സി പ്രോഗ്രാം - ലക്ഷ്യ പ്രാപ്തി വിവരങ്ങൾ അറിയിക്കേണ്ടതാണ്**

| | |
|---|---|
| പ്രോജക്ട് നമ്പർ- | S0003/20 എ.ബി.സി പ്രോഗ്രാം |

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക- | 350000/- |
| ചെലവ് - | 350000/- (വികസന ഫണ്ട്) |
| ബിൽ നമ്പർ - | 6/ 19-20 തീയതി 25.07.2019 തുക 350000/- |

തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായ ₹3,50,000 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൈമാറിയിയിട്ടുണ്ട്. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാ പഞ്ചായത്ത് ചെലവ് കണക്കാക്കിയിട്ടുള്ളത്. ടി പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം, പ്രസ്തുത പദ്ധതിയിലൂടെ എത്ര നായ്ക്കളെ വന്ധ്യംകരിച്ചു എന്ന വിവരവും ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തന്മൂലം എ.ബി.സി പ്രോഗ്രാം അനുസരിച്ചുള്ള ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ( എൻക്വയറി നം. 13/25.03.2021) ജില്ലാ പഞ്ചായത്തിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## ഓഡിറ്റ് നിർദ്ദേശം

പാലക്കാട് ജില്ലാ പഞ്ചായത്തിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

**1-23 ദുരന്ത നിവാരണ പദ്ധതി ആസൂത്രണം ചെയതിട്ടില്ല.**

തദ്ദേശസ്വയംഭരണവകുപ്പിന്റെ 4/12/2019 ലെ ഉത്തരവ് നമ്പർ(കൈ)156/2019, തദ്ദേശസ്വയംഭരണവകുപ്പിന്റെ 14/1/2020ലെ ഉത്തരവ് നമ്പർ(കൈ)14/2020 എന്നീ ഉത്തരവ് പ്രകാരം ഓരോ തദേശ സ്വയംഭരണ സ്ഥാപനവും ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കേണ്ടതും ആയത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ദുരന്ത നിവാരണ പദ്ധതിക്ക് മുന്നോടിയായി ആ തദ്ദേശ സ്ഥാപനത്തിന്റെ അവസ്ഥാ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഇതിൽ തദ്ദേശ സ്ഥാപനത്തിൻ്റെ പൊതുവിവരങ്ങൾ അപകട സാധ്യത നിറഞ്ഞതും ദുരന്ത ദുർബല സ്ഥിതി സ്ഥലങ്ങളുടേതുമായ രൂപരേഖ, ക്ഷമതയും വിഭവങ്ങളും, ദുരന്ത പ്രതികരണ ആസൂത്രണ രേഖ, ദുരന്ത അതിജീവന തയ്യാറെടുപ്പുകൾ, ദുരന്ത ലഘൂകരണം , സാമൂഹിക ശാക്തീകരണ പദ്ധതി എന്നീ ഘടകങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്. ഈ സ്ഥിതിവിവര കണക്കുകൾ അടിസ്ഥാനമാക്കി LRG അവസ്ഥാപഠനം നടത്തേണ്ടതും ഇവ ആസ്പദമാക്കി കരട് ദുരന്തനിവാരണ പദ്ധതി തയ്യാറാക്കി ഇത് ഗ്രാമസഭയിലും വികസന സെമിനാറിലും ചർച്ച ചെയ്ത് അന്തിമമാക്കി ഭരണ സമിതിയുടെ അംഗീകാരത്തിന് വിധേയമാക്കേണ്ടതുമാണ്. പിന്നീട് ദുരന്തനിവാരണ വർക്കിംഗ്

ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും ഇവ പ്രോജക്ടുകൾ തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

എന്നാൽ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിൽ Local Resource Group, Emergency Response Team എന്നിവ രൂപികരിച്ചിട്ടുണ്ട്. എന്നാൽ തുടർ പ്രവത്തനങ്ങളായ അവസ്ഥാ റിപ്പോർട്ട് തയ്യാറാക്കൽ, അവസ്ഥാപഠനം, വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കൽ, കരട് ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കൽ എന്നിവ ഒന്നും തന്നെ നടന്നിട്ടില്ല. ( എൻക്വയറി നം. 14/25.03.2021)
നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-24 അങ്കണവാടി കെട്ടിടങ്ങൾക്ക് ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.**

അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, മറ്റ് ഭൗതികസാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധ ചെലുത്തേണ്ടതാണ്. പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികൾ | 41 |
| സ്വന്തമായി കെട്ടിടം ഉള്ളത് | 33 |
| സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 8 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 4 |
| ചുറ്റുമതിൽ ഇല്ലാത്തവ | 7 |
| വാടക കൊടുക്കാതെ പൊതു കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 2 |
| സ്കൂളുകളിൽ പ്രവർത്തിക്കുന്നവ | 2 |
| വെള്ളത്തിന്റെ സൗകര്യമില്ലാത്തവ | 6 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗൻവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/ സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ

വാർഷിക കണക്ക് അനുസരിച്ച് ഐ.സി.ഡി.എസ് നുള്ള കേന്ദ്ര വിഹിതം 67,617 രൂപ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. ഈ വിഹിവും മറ്റ് ഫണ്ടുകളും ഉപയോഗിച്ച് അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടിയെടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ( എൻക്വയറി നം. 16/25.03.2021) ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

**<u>1-25 പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല.</u>**

സർക്കാർ ഉത്തരവ് നം.259/2010/തസ്വഭവ തിയതി 8.11.2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേതൃത്വം നൽകുന്ന ഒരു പ്രൊക്യൂർമെന്റ് കമ്മറ്റി രൂപവത്കരിക്കണമെന്ന് നിഷ്കർഷിക്കുന്നു. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക അപകട ഘടകങ്ങൾ പരിശോധിക്കുക, വിതരണക്കാരെയും സേവനദാതാക്കളെയും തിരിച്ചറിയുക, തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, സമാഹരണ തന്ത്രവും നടപടിക്രമങ്ങളും തീരുമാനിക്കുക, ക്വട്ടേഷൻ/ ടെൻഡർ രേഖകൾ തയ്യാറാക്കുക, പ്രസിദ്ധപ്പെടുത്തുക, സമർപ്പണത്തിന് സമയം അനുവദിക്കുക, ടെണ്ടർ രേഖകൾ അയയ്ക്കുക, ടെണ്ടറുകൾ സ്വീകരിക്കുക, തുറക്കുക, ലഭ്യമാകുന്ന രേഖകളിൽ ആവശ്യമെങ്കിൽ വ്യക്തത വരുത്തുക, വാണിജ്യ വിലയിരുത്തൽ നടത്തുക , പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് ശേഷം കരാർ നൽകുക, കരാർ അവസാനിപ്പിക്കുക എന്നിവയെല്ലാം കമ്മിറ്റിയുടെ ചുമതലകളിൽപെടുന്നു.
പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ മൂന്ന് തവണ മാത്രമാണ് കമ്മിറ്റിയുടെ യോഗം കൂടിയതായി കാണുന്നത്. വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികളായ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ, കറവപ്പശുവിന് കാലിത്തീറ്റ, പോത്തുകുട്ടി വാങ്ങൽ, സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതിയായ മൈക്ക് സെറ്റ് വാങ്ങൽ എന്നീ പദ്ധതികളിൽ മാത്രമേ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപ്പെട്ടതായി കാണുന്നുള്ളൂ. 2019- 20 വർഷം നടപ്പിലാക്കിയിട്ടുള്ള മറ്റ് വാങ്ങൽ പ്രോജക്ടുകളിൽ ഒന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടലുകൾ ഉണ്ടായിട്ടില്ല. ഇത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ വീഴ്ചയായി കണക്കാക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ( എൻക്വയറി നം. 17/25.03.2021) പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ വീഴ്ച അംഗീകരിക്കുന്നതായും തൻവർഷം മുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**<u>1-26 ടെന്റർ ചെയ്ത പദ്ധതികളുടെ പൂർത്തീകരണംഉറപ്പാക്കിയില്ല.</u>**

A E നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷം അംഗീകാരം നേടി തൻ വർഷം നടപ്പിലാക്കാതെ 2020-21 ലേക്ക് സ്പിൽ ഓവർ അംംഗീകാരം ലഭിച്ച പദ്ധതികളിൽ താഴെ പറയുന്നവ ഇപ്പോഴും നടപ്പിലാക്കിയതായി കാണുന്നില്ല.

1.പ്രൊ.നം.നം : 78/19-20

പുത്തൻപുര-കിഴക്കേപാളയം റോഡ് മെയ്ന്റനൻസ്

അടങ്കൽ-400000 MG(R)

കരാറുകാരൻ-ശ്രീ.എസ്.നാഗേന്ദ്ര റാവു

ടെൻ്റർ-10.5% Below ER

2.പ്രൊ.നം.നം : 80/19-20

ചേറോഡ് റോഡ് മെയ്ന്റനൻസ്

അടങ്കൽ-400000 MG(R)

കരാറുകാരൻ-ശ്രീ.എസ്.നാഗേന്ദ്ര റാവു

ടെൻ്റർ-20.5% Below ER

3.പ്രൊ.നം.നം : 85/19-20

വലിയ കാട്ട് പറമ്പ് ചൂഴിയംപാറ റോഡ് മെയ്ന്റനൻസ്

അടങ്കൽ-400000 MG(R)

കരാറുകാരൻ-ശ്രീ.എസ്.നാഗേന്ദ്ര റാവു

ടെൻ്റർ-10.5% Below ER

ടി പ്രവർത്തികളുടെ നിർവ്വഹണ ഘട്ടങ്ങളുടെ നിലവിലെ സ്ഥിതി, എഗ്രിമെന്റ് വെച്ചതിന്റെ വിശദാംശങ്ങൾ, ടി പ്രവർത്തികൾ തുടങ്ങാത്തതിന്/ പൂർത്തിയാക്കാത്തതിന് കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം 23/ 26.3.21). പദ്ധതികളുടെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**<u>1-27 വനിതാ ഹോസ്റ്റൽ കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>**

ഗ്രാമ പഞ്ചായത്തിന്റെ സ്ഥലത്ത് ജില്ലാ പഞ്ചായത്ത് നിർമ്മിച്ച വനിതാ ഹോസ്റ്റൽ കെട്ടിടം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം ഉണ്ടാക്കേണ്ടതാണ്.നിലവിൽ വരവുചെലവുകൾ ജില്ലാ പഞ്ചായത്ത് കൈകാര്യം ചെയ്യുന്ന സാഹചര്യത്തിൽ, PSCB 11547 എന്ന അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2019-20വർഷത്ത വാർഷിക കണക്കിലെ റസിപ്റ്റ് & പെയ്മെന്റ് പത്രികയിലെ RP40(A), RP40(B) എന്നിവ പ്രകാരം വനിതാ ഹോസ്റ്റൽ അക്കൗണ്ടിൽ

206268/- രൂപ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പ്രസ്തുത അക്കൗണ്ട് വർഷങ്ങളായി റീകൺ സിലിയേഷൻ നടത്തിയിട്ടില്ല. ഇക്കാര്യം മുൻ വർഷത്തെ അക്കൗണ്ട്സ് സർട്ടിഫിക്കറ്റിൽ അപാകതയായി രേഖപ്പെടുത്തിയിട്ടും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. അടിയന്തിര നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-28 എസ്. സി.വനിതകൾക്ക് കറവ പശു വാങ്ങിയതിൽ കരാർ ചമക്കുന്നത് സംബന്ധിച്ച്**

അടങ്കൽ – 175000/-
ചെലവ് – 175000/-
നിർവ്വഹണോദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ
ഗുണഭോക്താക്കളുടെ എണ്ണം – 5
പ്രോജക്റ്റ് – എസ്. സി.വനിതകൾക്ക് കറവപശു വാങ്ങുന്നതിന് സബ്സിഡി.
പ്രോജക്റ്റ് നമ്പർ എസ് 00141/20 (സ്പില്ലോവർ പ്രോജക്റ്റ് )
അടങ്കൽ തുക –175000 രൂപ
ഗുണഭോക്താക്കൾ – 5 ( തനത് വർഷം)
സബ്സിഡി തുക- 35000 രൂപ
ഗുണഭോക്തൃ വിഹിതം – 15000 രൂപ
നടപ്പാക്കിയ പ്രൊജക്ടിൻെറ മാർഗ്ഗരേഖയിൽ ഗുണഭോക്താവ് കരാർ ചമക്കണം എന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത പ്രൊജക്ട് ഫയലിൽ മുദ്ര പത്രത്തിൽ നിബന്ധനകൾ പാലിക്കാമെന്ന ഗുണഭോക്താവിൻെറ സമ്മതപത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മാർഗ്ഗനിർദേശപ്രകാരമുള്ള കരാർ ചമക്കുന്നതിന് തുടർന്നുള്ള പ്രൊജക്ട് നടത്തിപ്പിൽ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 7/23.3.2021)

**1-29 ഗ്രാമ സഭ**

2019-2020 വർഷത്തിൽ 19 വാർഡുകളിൽ രണ്ട് തവണയും, 2 വാർഡുകളിൽ 1 തവണയും മാത്രമാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത് (വാർഡ് 15,21). ആഗസ്റ്റ്, ഫെബ്രുവരി മാസങ്ങളിലാണ് എല്ലാ വാർഡുകളിലും ഗ്രാമസഭായോഗങ്ങൾ നടന്നത്. ലേബർ ബജറ്റ്, ഗുണഭോക്തൃ ലിസ്റ്റ്, അംഗീകാരം, ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, പദ്ധതി രൂപീകരണം എന്നീ നടപടിക്രമങ്ങൾക്കായാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. സോഷ്യൽ ഓഡിറ്റിന് പ്രത്യേക ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഹാജർ, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തി ക്ലോസ്സ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.
1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ 3 (3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. ആഗസ്റ്റ് 2019, ഫെബ്രുവരി 2020 മാസങ്ങളിൽ മാത്രമാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. നിയമപരമായ സമയപരിധി പാലിച്ചുകൊണ്ട് ഗ്രാമസഭകൾ വിളിച്ചു ചേർക്കേണ്ടതാണ്.

**1-30 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല -138680/- രൂപ തടസ്സത്തിൽ വയ്ക്കുന്നു**

പ്രോജക്റ്റ് നം. 163/2019-20

പ്രോജക്റ്റിൻെറ പേര്- സാന്ത്വനപരിചരണം

നിർവഹണോദ്യോഗസ്ഥൻ - എം.ഒ.പി.എച്ച്.സി .

അടങ്കൽ തുക -150583 രൂപ.

ചെലവ് തുക – 150583 രൂപ. 11320 (ചെക്ക് നം. 2069838 തീയതി 10.01.2020 മുഖേന), 583 (ബിൽ നം.7/2019), 17.12.2019 എന്നീ തുകകൾക്കുള്ള ചെലവ് രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി തുകകൾക്കുള്ള ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് രേഖകൾ ലഭ്യമാക്കുന്നതു വരെ 138680 രൂപ തടസ്സത്തിൽ വയ്ക്കുന്നു. (ഓഡിറ്റ് അന്വേഷണം നം. 23/27.03.2021)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**2-1 വസ്തുനികുതി തെറ്റായി നിർണ്ണയിച്ചിരിക്കുന്നതിനാൽ 7372.72 രൂപ നഷ്ടം**

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച. മീറ്ററിന് 55 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച. മീറ്ററിന് 70 രൂപയുമാണ് പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിൽ ബാധകമായിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്.

(A) മൊയ്തീൻക്കുട്ടി, മേലെചെറുത്ത്, നെടുങ്ങോട്ടൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 150 ച മീ തറവിസ്തീർണ്ണമുള്ള 15/599 നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച. മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ , റെസ്റ്റോറന്റ്, ഷോപ്പുകൾ എന്ന വിഭാഗത്തിൽ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ നഷ്ടം ഉണ്ടായിരിക്കുന്നു.

| | |
|---|---|
| തറവിസ്തീർണ്ണം | 150 ച മീ |
| വർദ്ധനവ്/ഇളവ് | വർദ്ധനവ്-1650<br>(വഴി സൗകര്യം-20%,) |
| നിലവിലെ നികുതി നിർണ്ണയം | 150*55= 8250<br>+ 20% = 9900<br>നിലവിലെ നികുതി= |

| | |
|---|---|
| | BT 9900 + LC 495= 10395 രൂപ |
| യഥാർത്ഥത്തിൽ ചുമത്തേണ്ടിയിരുന്ന വസ്തുനികുതി | 150*70=10500<br>+ 20% = 12600<br>നിർണ്ണയിക്കേണ്ട നികുതി=<br>BT 12600+ LC 630 = 13230 |
| | കുറവ് = 2835 രൂപ |

(B) പി.എസ്.അഷറഫ് റിയാസ് എന്നവരുടെ ഉടമസ്ഥതയിലുള്ള 154.4 ച മീ തറവിസ്തീർണ്ണമുള്ള 19/349 നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച. മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ , റെസ്റ്റോറന്റ്, ഷോപ്പുകൾ എന്ന വിഭാഗത്തിൽ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.

നിലവിലെ ഫോം - 6 പ്രകാരം 2 വർഷം പഴക്കമാണ് ഈ കെട്ടിടത്തിന് ഉള്ളത് .

| | |
|---|---|
| തറവിസ്തീർണ്ണം | 154.4*55 = 8492 |
| വർദ്ധനവ്/ഇളവ് | ഇളവ് =1698.4 രൂപ (മേൽക്കൂര-10% , മേഖല =10%) |
| നിലവിലെ നികുതി(ഫോം-6 പ്രകാരം) | 4541 രൂപ |
| യഥാർത്ഥത്തിൽ ചുമത്തേണ്ട വസ്തുനികുതി | 154.4 * 70=10808<br>ഇളവുകൾ =2161.6 (മേൽക്കൂര-10% , മേഖല=10%)<br>നിർണ്ണയിക്കേണ്ട നികുതി=<br>BT 8646.4+ LC 432 =9078.72 |
| | കുറവ് = 4537.72രൂപ |

കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി കണക്കാക്കിയിരിക്കുന്നതിനാൽ ഉണ്ടായ 2835 + 4537.72 = 7372.72 രൂപ നഷ്ടം ഈടാക്കേണ്ടതും , മേൽ കെട്ടിടങ്ങളുടെ ഫോം -6 ക്രമീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 18.3.21മുതൽ 27.3.21 വരെ | റിപ്പോർട്ടിന്റെ അനുബന്ധം 1ആയി ചേർത്തിട്ടുണ്ട് |

## 4-2 ജോയിന്റ് വെഞ്ച്വർ പ്രോജക്റ്റുകൾക്കുള്ള ഫണ്ട്

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ബ്ലോക്ക് പഞ്ചായത്ത് | 1909098 | 2421390 | 4330488 | 1330130 | 3000358 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ജില്ലാ പഞ്ചായത്ത് (Capital) | 5013 | 0 | 5013 | 0 | 5013 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ജില്ലാ പഞ്ചായത്ത് (Revenue) | 0 | 1757161 | 1757161 | 0 | 1757161 |
| ആകെ | 1914111 | 4178551 | 6092662 | 1330130 | 4762532 |

ജോയിന്റ് വെഞ്ചർ പ്രോജക്റ്റുകൾക്കുള്ള ഫണ്ട് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഏതെല്ലാം ജോയിന്റ് വെഞ്ചർ പദ്ധതികൾക്ക് വേണ്ടിയാണ് തുക ലഭ്യമായത് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

**4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

ഒന്നുമില്ല

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

തൻ വർഷം ഈ ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | 2019-20 | 7160000 | 30784922 | - | - | 35356687 |

(ലോൺ രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണമാണ്. (സാംഖ്യ/വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്)

**4-6 സ്ഥിരനിക്ഷേപങ്ങൾ**

സ്ഥിരനിക്ഷേപങ്ങൾ

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹. 5976/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-13(9) | 3993 | ശ്രീമതി.സ്മിത.എം അസി.എൻജിനീയർ | 110658/ 19.2.20 |

| | | | | |
|---|---|---|---|---|
| 2017-18 | 3-13(11) | 1983 | ശ്രീമതി.സ്മിത.എം<br>അസി.എൻജിനീയർ | 110658/<br>19.2.20 |
| ആകെ | | 5976 | | |

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ ഒന്നും അവശേഷിക്കുന്നില്ല.

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഈ ഇനത്തിൽ തൻവർഷം വരവില്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഈ ഇനത്തിൽ തൻവർഷം വരവില്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 99667375 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100925749 |
| വരവിനങ്ങളിലുള്ള നഷ്ടം | 7373 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 138680 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 7373 | - | ശ്രീമതി.<br>കലാറാണി.ആർ.ഐ<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം. - 1-30 - 138680/-

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ

നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-12 | 7373 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി കലാറാണി.ആർ ഐ, സെക്രട്ടറി | സെക്രട്ടറി, | ഗോകുലം,CYRA10, അമ്പലമുക്ക്, തിരുവനന്തപുരം-5 |
| ഡോ.ജയപ്രസാദ്.ടി.കെ. | വെറ്ററിനറി സർജ്ജൻ | കമ്മത്ത്കാട് ഹൗസ് ജനതാ ബീച്ച് റോഡ് ചെറായി ബീച്ച് ചെറായി പോസ്റ്റ് എറണാകുളം – 683514 |

**4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | അവശേഷിക്കുന്ന പരാമർശങ്ങൾ |
|---|---|---|

| | | |
|---|---|---|
| | ഒട്ടുവിലത്തെ കത്തിടപാടിന്റെ വിവരം | |
| 1996-97 | KSAPKD14-50/2019/20.01.2021<br>1996-97 മുതൽ 2006-07 വരെ അദാലത്ത്-ഫർദർ റിമാർക്സ്. | 0 |
| 1997-98 | | 01 |
| 1998-99 | | - |
| 1999-2000 | | 11 |
| 2000-01 | | 06 |
| 2001-02 | | 05 |
| 2002-03 | | 02 |
| 2003-04 | | 0 |
| 2004-05 | | 01 |
| 2005-06 | | 01 |
| 2006-07 | | 04 |
| 2007-08 | KSAPKD14-796/16/2.3.2016 | 02 |
| 2008-09<br>2009-10<br>2010-11 | KSAPKD14-130/18/29.1.2018 | 17 |
| 2011-12 | KSAPKD14-1900/16/9.3.2017 | 36 |

| | | |
|---|---|---|
| 2012-13<br>2013-14,<br>2014-15 | KSAPKD14-201/2017/19.1.2018 | 49 |
| 2015-16 | KSAPKD14-2309എ/2016(1)/16.6.2017 | 20 |
| 2016-17 | KSAPKD14-1797/17/5.3.2018 | 21 |
| 2017-18 | KSAPKD14-415/19/24.6.2019 | 36 |
| 2018-19 | KSAPKD14-370/2020/18.3.2020 | 32 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം – I

## വാർഷിക കണക്ക് സംക്ഷിപ്തം-വിവിധ പത്രികകൾ

**Puduppariyaram Grama Panchayat BALANCE SHEET** For the period from 01-April-2019 to 31 March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 41528274.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 57920925.00 |
| | **Total Reserve & Surplus** | | **99449199.40** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7852242.00 |
| | **Total Grants, Contributions for Specific Purposes** | | **7852242.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 35356687.00 |
| | **Total Loans** | | **35356687.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 848142.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1393913.60 |
| | **Total Current Liabilities and Provisions** | | **2242055.60** |
| | **TOTAL LIABILITIES** | | **144900184.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 90677693.00 |
| 411000000 | Accumulated Depreciation | B-11 | -6548757.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **84128936.00** |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1662658.00 |
| 440000000 | Pre-paid Expenses | B-16 | 35356687.00 |
| 450000000 | Cash and Bank Balance | B-17 | 23054439.00 |
| 460000000 | Loans, Advances and Deposits | B-18 | 697464.00 |

| | |
|---|---|
| **Total Current Assets, Loans and Advances** | **60771248.00** |
| **TOTAL ASSETS** | **144900184.00** |

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 24246289.00 |
| Cash | Cash | RP-40(a) | 66524.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 3937083.00 |
| 130000000 | Rental income from Panchayat Properties | RP-3 | 118250.00 |
| 140000000 | Fees & User Charges | RP-4 | 645785.00 |
| 150000000 | Sale & Hire Charges | RP-5 | 521109.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53642848.00 |
| 171000000 | Interest Earned | RP-9 | 379835.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 23729734.00 |
| 340000000 | Deposits Received | RP-34 | 2000.00 |
| 350000000 | Other Liabilities | RP-36 | 286635.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 29665.00 |
| 330000000 | Secured Loans | RP-32 | 7160000.00 |
| 340000000 | Deposits Received | RP-34 | 316350.00 |
| 350000000 | Other Liabilities | RP-36 | 399108.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6774981.00 |
| 460000000 | Loans, Advances and Deposits | RP-47 | 1723992.00 |
| | **Grand total** | | **123980188.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 7729903.00 |
| 220000000 | Administrative Expenses | RP-12 | 2258309.00 |
| 230000000 | Operations & Maintenance | RP-13 | 5128725.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6634694.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 40181025.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 59702.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 453731.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 3477001.00 |
| 255000000 | Maintenance Projects | RP-20 | 9162299.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 253180.00 |
| 280000000 | Prior Period item | RP-26 | -107203.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4832947.00 |
| 350000000 | Other Liabilities | RP-36 | 6855910.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 197.00 |
| 280000000 | Prior Period Item | RP-26 | -19364.00 |
| 340000000 | Deposits Received | RP-34 | 612812.00 |
| 350000000 | Other Liabilities | RP-36 | 3427102.00 |
| 410000000 | Fixed Assets | RP-38 | 3973260.00 |
| 412000000 | Capital work in Progress | RP-40 | 4110776.00 |
| 460000000 | Loans, Advances and Deposits | RP-47 | 1900743.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 23002167.00 |
| Cash | Cash | RP-40(b) | 52272.00 |
| | **Grand Total** | | **123980188.00** |

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 10843718.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 169250.00 |
| 140000000 | Fee & User Charges | I-4(b) | 1235925.00 |
| 150000000 | Sale & Hire Charges | I-5(b) | 521109.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 124663399.00 |
| 171000000 | Interest Earned | I-8 | 379835.00 |
| 180000000 | Other Income | I-9 | 29665.00 |
| | **Total Income** | | **137842901.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 17547986.00 |
| 220000000 | Administrative Expenses | I-11(b) | 2258309.00 |
| 230000000 | Operations & Maintenance | I-12(b) | 5195725.00 |
| 240000000 | Interest & Finance Charges | I-13 | 197.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6634694.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 55098199.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 66772.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 453731.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 30971901.00 |
| 255000000 | Maintenance Projects | I-14(e) | 9162299.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 253180.00 |
| 272000000 | Depreciation | I-17(a) | 6548757.00 |
| | **Total Expenditure** | | **134191750.00** |
| | **Gross Surplus/ Deficit of income over Expenditure** | | **3651151.00** |
| 280000000 | Prior Period Item | I-18 | 218937.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **3432214.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Page No : 2